**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 289** **22-07-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാ തരംഗിണി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ കുട്ടികളുടെ ഡിജിറ്റൽ പഠനം ഉറപ്പുവരുത്തുവാനായി സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിദ്യാ തരംഗിണി പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ വകുപ്പ് നടപ്പിലാക്കിയ വിദ്യാതരംഗിണി പദ്ധതി പ്രകാരം 15.7.2021 വരെ 19114 വിദ്യാർത്ഥികൾക്ക് 18,16,62,491/- രൂപ വായ്പയായി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കാലാവധി നീട്ടുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | വിദ്യാതരംഗിണി പദ്ധതി പ്രകാരം ഒരു സംഘത്തിന് നൽകാവുന്ന പരമാവധി വായ്പ പരിധി 5,00,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. വർദ്ധിച്ച വായ്പ ആവശ്യം കണക്കിലെടുത്ത് ടി പദ്ധതി പ്രകാരം ഒരു സംഘത്തിന്റെ വായ്പ പരിധി 10,00,000/- രൂപ വരെ ഉയർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം എ ക്ലാസ് അംഗങ്ങൾക്കു മാത്രമായി നൽകിയിരുന്ന വായ്പ, തിരിച്ചടവ് ഉറപ്പാക്കി സി ക്ലാസ് അംഗങ്ങൾക്കു കൂടി അനുവദിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ